"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നിയമ വകുപ്പ് - കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതിയിലെ കേസുകൾ നടത്തുന്നതിലേയ്ക്കായി അഡീഷണൽ ഗവണ്മെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറുടെ ഒരു പുതിയ തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നിയമ (ഇൻസ്പെക്ഷൻ) വകുപ്പ്**

സ.ഉ.(കൈ) നം.15/2025/LAW തീയതി,തിരുവനന്തപുരം, 06-02-2025

പരാമർശം:-

1. 01.04.2023 തീയതിയിലെ സ.ഉ.(സാധാ) നം. 882/2023/ആഭ്യന്തരം നമ്പർ ഉത്തരവ്.
2. ബഹു. കേരള ഹൈക്കോടതി രജിസ്ട്രാർ (ഡിസ്ട്രിക്റ്റ് ജുഡിഷറി)-യുടെ 13-02-2024 തീയതിയിലെ DI-8/7699/2024 നമ്പർ കത്ത്.
3. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ-ന്റെ 21-02-2024 തീയതിയിലെ 39/2024/DGP&SPP നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രിബ്യൂണലിന് പരാമർശം(1) പ്രകാരം അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതിയുടെ അധികാരങ്ങൾ കൂടി നൽകിയതിനാൽ, പ്രസ്തുത കോടതിയിലെ കേസ്സുകൾ നടത്തുന്നതിലേയ്ക്കായി അഡീഷണൽ ഗവണ്മെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ബഹു. കേരള ഹൈക്കോടതിയിലെ രജിസ്ട്രാർ (ഡിസ്ട്രിക്റ്റ് ജുഡിഷ്യറി) നിർദ്ദേശിച്ചിട്ടുള്ളതായി പരാമർശം (3) പ്രകാരം ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ അറിയിച്ചിട്ടുള്ളതാകുന്നു.

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. തളിപ്പറമ്പ് മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രിബ്യൂണലിന് അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതിയുടെ അധികാരം കൂടി നൽകിയതിനാൽ പ്രസ്തുത കോടതിയിലെ കേസ്സുകളുടെ നടത്തിപ്പിനായി തളിപ്പറമ്പ് മുൻസിഫ് കോടതിയിലെ പ്ലീഡർ റ്റു ഡൂ ഗവണ്മെന്റ് വർക്ക് തസ്തികയും തളിപ്പറമ്പ് മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രിബ്യൂണലിലെ ഗവൺമെന്റ് പ്ലീഡർ തസ്തികയും

നിർത്തലാക്കിക്കൊണ്ട് തളിപ്പറമ്പ് അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതിയിലെയും തളിപ്പറമ്പ് മുൻസിഫ് കോടതിയിലെയും കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് വേണ്ടി അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറുടെ ഒരു പുതിയ തസ്തിക സൃഷ്ടിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K G SANAL KUMAR
നിയമ സെക്രട്ടറി

പകർപ്പ്:-

1. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
2. രജിസ്ട്രാർ (ഡിസ്ട്രിക്റ്റ് ജുഡിഷറി). കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
3. രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
4. ജില്ലാ കളക്ടർ, കണ്ണൂർ
5. ജില്ലാ ഗവണ്മെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ, കണ്ണൂർ
6. ശിരസ്തദാർ, ജില്ലാ കോടതി, കണ്ണൂർ
7. അഡ്വ. യു. രമേശൻ, പ്ലീഡർ റ്റു ഡൂ ഗവണ്മെന്റ് വർക്ക്, തളിപ്പറമ്പ് മുൻസിഫ് കോടതി, കണ്ണൂർ
8. ജില്ലാ ലാ ഓഫീസർ, കണ്ണൂർ
9. ബഹു. മുഖ്യമന്ത്രിയുടെ പി.എസ്.
10. ബഹു. നിയമ വ്യവസായ കയർ വികസന വകുപ്പ് മന്ത്രിയുടെ പി.എസ്.
11. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ &ഇ), കേരള തിരുവനന്തപുരം.
12. നിയമ സെക്രട്ടറിയുടെ പി.എ.
13. ജില്ലാ / സബ് ട്രഷറി ഓഫീസർ, കണ്ണൂർ
14. പൊതുഭരണ (എസ്സ്.സി) വകുപ്പ്(05.02.2025 തീയതിയിലെ മന്ത്രിസഭാ യോഗ തീരുമാനം, ഇനം നമ്പർ 2685).
15. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, ഐ & പി.ആർ.ഡി.
16. അഡീഷണൽ നിയമ സെക്രട്ടറിയുടെ (ഇൻസ്പെക്ഷൻ) സി.എ.
17. നിയമ (നോഡൽ) വകുപ്പ്.
18. നിയമ (മോണിറ്ററിങ്) വകുപ്പ്.
19. സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Sajjad S
സെക്ഷൻ ഓഫീസർ
Date: 06-02-2025 17:49:40

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-02-2025

ഫയൽ നം. 22/ഇൻസ്പെ.ബി1/2024/നിയമം. ഇനം നം: 2685

വിഷയം : നിയമ വകുപ്പ് - കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രിബ്യൂണലിന് അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതിയുടെ അധികാരങ്ങൾ കൂടി നൽകിയതിനെ തുടർന്ന് പ്രസ്തുത അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതിയിലെ കേസുകൾ നടത്തുന്നതിലേയ്ക്കായി അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറുടെ ഒരു പുതിയ തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

06/02/25

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.

2685

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം. 22/ഇൻസ്.ബി1/2024/നിയമം |
| 2 | വകുപ്പ് | | നിയമ (ഇൻസ്പെക്ഷൻ) വകുപ്പ് |
| 3 | വിഷയം | : | കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രിബ്യൂണലിന് അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതിയുടെ അധികാരങ്ങൾ കൂടി നൽകിയതിനെ തുടർന്ന് പ്രസ്തുത അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതിയിലെ കേസുകൾ നടത്തുന്നതിലേയ്ക്കായി അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറുടെ ഒരു പുതിയ തസ്തിക സൃഷ്ടിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 28/01/2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഉണ്ട്. |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ, ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭായോഗ ത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളി ച്ചിട്ടുണ്ടോ? | | ഉണ്ട്. |
| 6 | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. എസ്. രാജീവ് |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ.ജി. സനൽ കുമാർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 01/02/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 03/02/2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 04/02/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 04/02/2025 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ തീയതി | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രിബ്യൂണലിന് അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതിയുടെ അധികാരങ്ങൾ കൂടി നൽകിയതിനെ തുടർന്ന് പ്രസ്തുത അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതിയിലെ കേസുകൾ നടത്തുന്നതിലേയ്ക്കായി അഡീഷണൽ ഗവണ്മെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറുടെ ഒരു പുതിയ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രിബ്യൂണലിന് **01.04.2023** തീയതിയിലെ സ.ഉ.(സാധാ) നം. 882/2023/ആഭ്യന്തരം നമ്പർ ഉത്തരവുപ്രകാരം, അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതിയുടെ അധികാരങ്ങൾ കൂടി നൽകിയതിനാൽ പ്രസ്തുത കോടതിയിലെ കേസ്സുകൾ കാലതാമസം കൂടാതെ നടത്തുന്നതിലേയ്ക്കായി ഒരു അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്നു ബഹു. കേരള ഹൈക്കോടതി രജിസ്ട്രാർ (ഡിസ്ട്രിക്ട് ജുഡീഷ്യറി) അഭ്യർത്ഥിച്ചിട്ടുള്ളതാണെന്ന് ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ അറിയിച്ചിരുന്നു.

3. തുടർന്ന് തളിപ്പറമ്പ് അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതിയിലും തളിപ്പറമ്പ് മുൻസിഫ് കോടതിയിലും സർക്കാർ കക്ഷിയായ കേസുകളുടെ (കോടതി തിരിച്ചു) എണ്ണം സംബന്ധിച്ചും അഡീഷണൽ ഗവണ്മെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറുടെ ഒരു തസ്തിക സൃഷ്ടിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ചും വിശദമായ ഒരു റിപ്പോർട്ട് ലഭ്യമാക്കുവാൻ സർക്കാർ, കണ്ണൂർ ജില്ലാ കളക്ടറോട് **07.03.2024** തീയതിയിലെ കത്ത് മുഖേന അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നതും കണ്ണൂർ ജില്ലാ കളക്ടർ **27/09/2024** തീയതിയിലെ **DCKNR/4166/2024-SS3** നമ്പർ കത്ത് മുഖേന അപ്രകാരമുള്ള റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതുമാണ്.

4. തുടർന്ന് തളിപ്പറമ്പ് മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രിബ്യൂണലിന് അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതിയുടെ അധികാരം കൂടി നൽകിയതി

നാൽ പ്രസ്തുത കോടതിയിലെ കേസ്സുകളുടെ നടത്തിപ്പിന് തളിപ്പറമ്പ് മുൻസിഫ് കോടതിയിലെ പ്ളീഡർ റ്റു ഡൂ ഗവണ്മെന്റ് വർക്ക് തസ്തികയും തളിപ്പറമ്പ് മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രിബ്യൂണലിലെ ഗവൺമെന്റ് പ്ളീഡർ തസ്തികയും നിർത്തലാക്കിക്കൊണ്ട് തളിപ്പറമ്പ് അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതിയിലും തളിപ്പറമ്പ് മുൻസിഫ് കോടതിയിലേക്കുമായി അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറുടെ ഒരു തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് ബഹു.നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നതും ആയതിന് പ്രസ്തുത വകുപ്പ് 07/12/2024 തീയതിയിലെ UO(f) No.(E.2942412):EXP-A4/705/2024-FIN നമ്പർ പ്രകാരം താഴെപ്പറയും പ്രകാരം അഭിപ്രായം നൽകിയിട്ടുള്ളതുമാണ്.

*"ഒരു ജില്ലാ കോടതിയിൽ സർക്കാർ അഭിഭാഷകന്റെ അഭാവം ടി കോടതിയിലെ സർക്കാർ കക്ഷിയായ സിവിൽ കേസുകളുടേയും കോടതിയിൽ നിലവിലുള്ള ക്രിമിനൽ കേസ്സുകളുടെയും നടത്തിപ്പിനെ ബാധിക്കും എന്ന വസ്തുത കണക്കിലെടുത്ത് തളിപ്പറമ്പ് മുൻസിഫ് കോടതിയിലെ പ്ലീഡർ റ്റു ഡൂ ഗവണ്മെന്റ് വർക്ക് തസ്തികയും തളിപ്പറമ്പ് എം.എ.സി.റ്റി കോടതിയിലെ ഗവൺമെന്റ് പ്ലീഡർ തസ്തികയും ഒഴിവാക്കി പകരം തളിപ്പറമ്പ് അഡീഷണൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് കോടതിയിലും മുൻസിഫ് കോടതിയിലേക്കുമായി ഒരു അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആൻഡ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം നടത്തുന്നതിന് അനുമതി നൽകുന്നു.*

*ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."*

5. തളിപ്പറമ്പ് മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രിബ്യൂണലിലെ ഗവൺമെന്റ് പ്ലീഡർ തസ്തിക നിലവിൽ ഒഴിഞ്ഞ് കിടക്കുന്നതും തളിപ്പറമ്പ് മുൻസിഫ് കോടതിയിൽ 16/06/2023 തീയതിയിലെ സ.ഉ.(കൈ.)നമ്പർ 55/2023/നിയമം പ്രകാരം നിയമിതനായ ശ്രീ. യു. രമേശൻ എന്നയാൾ പ്ളീഡർ റ്റു ഡൂ ഗവണ്മെന്റ് വർക്ക് ആയി സേവനമനുഷ്ഠിച്ച് വരുന്നതുമാണ്. 1978-ലെ കേരളാ ഗവൺമെന്റ് ലാ ആഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആൻഡ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ 10-ാം

ചട്ടം 1-ാം ഉപ ചട്ടം ഇപ്രകാരം വ്യവസ്ഥ ചെയ്യുന്നു, അതായത്;

*" The Government shall appoint an Advocate for doing Government work in a Munsiff's court at a centre where there are no Government Law Officers. "*

തളിപ്പറമ്പ് മുൻസിഫ് കോടതിയിലെ പ്ളീഡർ റ്റു ഡൂ ഗവണ്മെന്റ് വർക്ക് തസ്തികയും തളിപ്പറമ്പ് മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രിബ്യൂണലിലെ ഗവൺമെന്റ് പ്ലീഡർ തസ്തികയും നിർത്തലാക്കിക്കൊണ്ട് തളിപ്പറമ്പ് അഡീഷണൽ ഡിസ്ട്രിക്റ്റ് ആന്റ് സെഷൻസ് കോടതിയിലെയും തളിപ്പറമ്പ് മുൻസിഫ് കോടതിയിലെയും കേസുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്ന പക്ഷം പ്ളീഡർ റ്റു ഡൂ ഗവണ്മെന്റ് വർക്ക് തസ്തികയിൽ ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന ശ്രീ. യു. രമേശിനെ 1978-ലെ കേരളാ ഗവൺമെന്റ് ലാ ആഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആൻഡ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ ചട്ടം 17 പ്രകാരം നൽകിയിട്ടുള്ള അധികാരം ഉപയോഗിച്ചുകൊണ്ട് പിരിച്ചുവിടേണ്ടതാണ്.

**6. 06.09.2019** തീയതിയിലെ സ.ഉ. (കൈ.) നമ്പർ 71/19/നിയമം നമ്പർ ഉത്തരവ് പ്രകാരം അഡീഷണൽ ഗവണ്മെന്റ് പ്ളീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറുടെ വേതനം 75,000/- രൂപയും (എഴുപത്തയ്യായിരം രൂപ മാത്രം) പ്ളീഡർ റ്റു ഡൂ ഗവണ്മെന്റ് വർക്ക് തസ്തികയിലെ അഡ്വക്കേറ്റിന് നൽകുന്നത് 20,000/- രൂപയുമാണ് (ഇരുപതിനായിരം രൂപ മാത്രം). തളിപ്പറമ്പ് മുൻസിഫ് കോടതിയിലെ പ്ളീഡർ റ്റു ഡൂ ഗവണ്മെന്റ് വർക്ക് തസ്തിക നിർത്തലാക്കിക്കൊണ്ട് അഡീഷണൽ ഗവണ്മെന്റ് പ്ളീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറുടെ ഒരു തസ്തിക സൃഷ്ടിക്കുമ്പോൾ പ്രതിമാസം 55,000/-രൂപയുടെയും (അമ്പത്തയ്യായിരം രൂപ മാത്രം) പ്രതിവർഷം 6,60,000/- രൂപയുടെയും (ആറുലക്ഷത്തി അറുപതിനായിരം രൂപ മാത്രം) അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതാണ്.

7. അഡീഷണൽ ഗവണ്മെന്റ് പ്ളീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറുടെ

തസ്തിക സൃഷ്ടിക്കുന്നത് മന്ത്രിസഭായോഗ തീരുമാനപ്രകാരമാണ്.

8. പ്രസ്തുത പ്രൊപ്പോസലിന് ധനകാര്യ വകുപ്പിന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ, തളിപ്പറമ്പ് മുൻസിഫ് കോടതിയിലെ പ്ലീഡർ റ്റു ഡു ഗവണ്മെന്റ് വർക്ക് തസ്തികയും തളിപ്പറമ്പ് മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രിബ്യൂണലിലെ ഗവൺമെന്റ് പ്ലീഡർ തസ്തികയും നിർത്തലാക്കികൊണ്ട്, തളിപ്പറമ്പ് അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതിയിലെയും തളിപ്പറമ്പ് മുൻസിഫ് കോടതിയിലേയും കേസുകൾ നടത്തുന്നതിനായി അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറുടെ ഒരു പുതിയ തസ്തിക സൃഷ്ടിക്കുന്ന വിഷയം മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാവുന്നതാണോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി മുഖേന ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി 28.01.2025 തീയതിയിൽ ഉത്തരവായിട്ടുള്ളതാണ്.

## തീരുമാനിക്കേണ്ട സംഗതി

ധനകാര്യ വകുപ്പ് അംഗീകരിച്ച പ്രകാരം, തളിപ്പറമ്പ് മുൻസിഫ് കോടതിയിലെ പ്ലീഡർ റ്റു ഡു ഗവണ്മെന്റ് വർക്കിന്റെ തസ്തികയും തളിപ്പറമ്പ് മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രിബ്യൂണലിലെ ഗവൺമെന്റ് പ്ലീഡറുടെ തസ്തികയും നിർത്തലാക്കിക്കൊണ്ട്, തളിപ്പറമ്പ് അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതിയിലെയും തളിപ്പറമ്പ് മുൻസിഫ് കോടതിയിലെയും കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് വേണ്ടി അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറുടെ ഒരു പുതിയ തസ്തിക സൃഷ്ടിക്കാവുന്നതാണോ?